മാതൃഭൂമി E-PAPER

മാതൃഭൂമി 2026 ഒക്ടോബർ 31 ശനിയാഴ്ച www.mathrubhumi.com

നാട്ടുവർത്തമാനം

സത്കർമങ്ങൾ ജീവിതത്തിന് പ്രശസ്തിയും പ്രാധാന്യവുമുണ്ടാക്കും -മാതാ അമൃതാനന്ദമയി



മാനന്തവാടി ▸ നല്ലകർമങ്ങളും ചെയ്യുന്നവരുടെ ജീവിതത്തിന് പ്രസക്തിയും പ്രാധാന്യവുമുണ്ടാകുമെന്ന് മാതാ അമൃതാനന്ദമയി പറഞ്ഞു. ബ്രഹ്മസ്ഥാന ക്ഷേത്രസമർപ്പണത്തിനെത്തി വിശ്വാസികളെ അഭിസംബോധന ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. പ്രകൃതിയോടും സഹജീവികളായ മനുഷ്യരോടും മറ്റു ജീവജാലങ്ങളോടുമുള്ള നമ്മുടെ ധർമം നിറവേറ്റുന്നതിനെയാണ് നല്ല കർമങ്ങളായി പറയുന്നത്. സുഷ്മിയുടെ ആരംഭം മുതൽക്കുതന്നെ പ്രകൃതി, അല്ലെങ്കിൽ ഈശ്വരാശ്രയം നമ്മളെ പല നല്ലകാര്യങ്ങളും പഠിപ്പിക്കാൻ തുടങ്ങിയതാണ്.

അവയൊക്കെ നമ്മെ വേണ്ടെന്നു പഠിച്ചു തുടങ്ങിയപ്പോൾ അവ നമ്മിൽനിന്ന് അകന്നുപോകുന്നു. ഇതിനെക്കുറിച്ച് അറിവുള്ളവർ ഓർമിപ്പിക്കുമ്പോൾ മാത്രമാണ് നമുക്ക് അതിനെക്കുറിച്ച് ഓർമവരുന്നത്. ഇതിനെക്കുറിച്ച് ഓർമിപ്പിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഇവിടെ വന്നിരിക്കുന്നത്. ഇതിനുവേണ്ടിയാണ് ഈ ക്ഷേത്രം സമർപ്പിക്കുന്നത്. ഈ ക്ഷേത്രത്തിന്റെ ആദ്യ ദിനത്തിൽ രാവിലെ 11-ഓടെയാണ് അമൃതാനന്ദമയി യജ്ഞവേദിയിലെത്തിയത്. എം. എൽ.എ.എ.മാരായ ഉമാ വിജയൻ, ഐ.സി. ബാലകൃഷ്ണൻ, മാതൃഭൂമി മാനേജിങ് ഡയറക്ടർ എം.വി. ശ്രേയാംസ്കുമാർ, പള്ളിയറ രാമൻ, സ്വാമി ഹംസാനന്ദപുരി, സ്വാമി രവി ചൈതന്യാനന്ദഗിരി, ജലധാർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് അഡ്വ. പി. ചാന്തുക്കുട്ടി തുടങ്ങിവർ ഹാരാർപ്പണം നടത്തി. അമൃതകുടീരാഗങ്ങളെല്ലാം സഹായഹസ്തം നീട്ടിയും പ്രവർത്തിച്ചു. സായിയും പങ്കാളിയായി. വിവിധ സേവനപദ്ധതികളുടെ ഭാഗമായി യജ്ഞവേദിയും പരിസരവും ശുചിയാക്കി.

മാനന്തവാടി ബ്രഹ്മസ്ഥാന ക്ഷേത്രസമർപ്പണത്തിനെത്തിയ മാതാ അമൃതാനന്ദമയി വിശ്വാസികളെ അഭിസംബോധനചെയ്ത് സംസാരിക്കുന്നു

അണമുറിയാതെ വിശ്വാസികൾ

ഒൻപതുവർഷത്തിനുശേഷം മാനന്തവാടിയിലെത്തിയ അമൃതാനന്ദമയിയെ കാണാൻ അണമുറിയാതെ വിശ്വാസികളെത്തുന്നു. പ്രവൃത്തിദിനമായിരുന്നിട്ടുപോലും ടി വലിയ ജനപ്രവാഹമാണ് വെള്ളിയാഴ്ച ഉണ്ടായത്. ഒരേസമയം, അയ്യായിരംപേർക്ക് ഇരിക്കാനുള്ള കസേരകളാണ് സജ്ജീകരിച്ചിരുന്നത്. വെള്ളിയാഴ്ച രാവിലെത്തന്നെ പതിനായിരത്തോളം പേരെത്തി. പ്രത്യേക ക്ഷീരകിച്ച മാഡിറ്റോറിയത്തിൽ കൂടുതൽ കസേരകളിട്ടാണ് സൗകര്യമൊരുക്കിയത്.

വെള്ളിയാഴ്ച രാത്രി പത്തുവരെ, പുലർച്ചെ രണ്ടുമണിവരെയുള്ള ദർശനത്തിന്റെ ടോക്കണുകളാണ് നൽകിയത്. എത്തുന്ന എല്ലാവർക്കും സുഖദൃ ഭക്ഷണം, കുടിവെള്ള സൗകര്യമൊരുക്കിയിട്ടുണ്ട്.

പിന്നിലുള്ളവർക്ക് അടുത്തുകാണുന്നതിനായി നാല് വലിയ എൽ.ഇ.ഡി. സ്ക്രീനുകം സ്ഥാപിച്ചിട്ടുണ്ട്. ദർശനത്തിനുള്ള ടോക്കണുകം ഇരിപ്പിടത്തിൽത്തന്നെ നൽകുന്നുണ്ട്. ബ്രഹ്മസ്ഥാന നഗരിയിലൊരുക്കിയ സുരക്ഷ ഉം ശ്രദ്ധേയമാണ്.

ജൈവമാലിന്യ പരിപാലനം: കരട് പ്രസിദ്ധീകരിച്ചു

കല്പറ്റ ▸ നഗരസഭ വ്യാപാര സ്ഥാപന ജൈവമാലിന്യ പരിപാലനം കരട് പ്രസിദ്ധീകരിച്ചു. അഭിപ്രായങ്ങളോ ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ 30 ദിവസത്തിനകം നഗരസഭയിൽ രേഖാമൂലം അറിയിക്കണമെന്ന് നഗരസഭാ സെക്രട്ടറി അറിയിച്ചു. ഫോൺ: 04936 202349, 04936 260744.

'മദ്യവിൽപ്പനശാല തുടങ്ങരുത്'

പുല്പള്ളി ▸ താഴെയങ്ങാടിയിൽ പ്രവർത്തിച്ചുവരുന്ന ബെവറേജസ് കോർപ്പറേഷന്റെ മദ്യവിൽപ്പനശാല കേളക്കവലയിലെ ഗുരുദേവപുരം ശാലാമന്ദിരത്തിന് മുൻവശത്തുള്ള കെട്ടിത്തിലേക്ക് മാറ്റിസ്ഥാപിക്കാനുള്ള നീക്കം ഉപേക്ഷിക്കണമെന്ന് എസ്.എൻ.ഡി.പി. ശാലാ കമ്മിറ്റി ആവശ്യപ്പെടും.

ആരാധനാലയത്തിനുമുന്നിൽ മദ്യവിൽപ്പനശാല വരുന്നത് ഭക്തർക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കും. ആരാധനാലയത്തിന്റെ പവിത്രതയും പ്രദേശത്തെ സ്ഥാപന അന്തരീക്ഷത്തിനും ഭംഗം വരുത്തുമെന്നും യോഗം ആശങ്കയുന്നയിച്ചു. സി.വി. സുനിൽ അധ്യക്ഷത വഹിച്ചു.

എ.ആർ. ചന്ദ്രൻ, എം.കെ. നാരായണൻ, കെ.കെ. ദിനകരൻ, കെ.എസ്. സുരേഷ്, കെ എസ്. ഗോപി തുടങ്ങിയവർ സംസാരിച്ചു.

കനകദൂരമുണ്ട് വയനാടിന് താണ്ടാൻ

കങ്കാണി സമ്പ്രദായവും കുടിപാട്ടികയും നിലനിന്നിരുന്ന തോട്ടംതൊഴിലാളി മേഖലയിൽ, തൊഴിലാളികളുടെ അടിസ്ഥാന അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ടമാണ് പി.കെ. മൂർത്തിയെന്ന രാഷ്ട്രീയനേതാവിനെ രൂപപ്പെടുത്തുന്നത്. പി.കെ. മൂർത്തി പറയുന്നത് വയനാടിന്റെ തൊഴിലാളിവർഗ രാഷ്ട്രീയഘോരാട്ടങ്ങളുടെ ഇന്നലെകളെക്കുറിച്ചുകൂടിയാണ്

നബിൽ പാഴ്ശ്രേരി
കല്പറ്റ

▸ 53 വർഷങ്ങൾക്കുമുൻപ് കൃത്യമായിപ്പറഞ്ഞാൽ 1973-ൽ തന്റെ പഠനമെല്ലാം പൂർത്തിയാക്കി ജോലിക്കായി ശ്രമിച്ചുകൊണ്ടിരിക്കുന്ന കാലത്താണ് ചെറിയച്ചനും പിന്നീട് സി.പി.ഐ. അല്ലാംനിർണ്ണായകമായ രാഷ്ട്രീയപ്രവർത്തനത്തിന് തുടക്കമിടുന്നത്. ഒരു ചെറുപ്പക്കാരനായിരുന്ന പി.കെ. മൂർത്തി കൊണ്ടുവന്ന ആശയങ്ങൾ വയനാടൻ തൊഴിലാളിവർഗത്തിന്റെ ജീവിതത്തിൽ വലിയ മാറ്റങ്ങൾക്കുതന്നെ വഴിവെച്ചു. ഇന്നും ആ മാറ്റങ്ങൾ തുടരുന്നുണ്ട്. ഒരുപക്ഷേ, ഇന്നത്തെ തലമുറയ്ക്ക് അതിനെക്കുറിച്ച് കൂടുതൽ അറിവുണ്ടാകണമെന്നില്ല. അതുകൊണ്ടുതന്നെ, ഇന്നും പ്രസക്തമായ ആ ജീവിതത്തിന്റെ ഓർമകൾ പറയുന്നു. അതിനുവേണ്ടിയാണ് ഞാൻ ഇവിടെ വന്നിരിക്കുന്നത്.

കൊണ്ട് വയനാടൊത്തിരി മാറി, ജില്ല രൂപവത്കരിച്ചതും, ഈ കാലയളവിനിടയ്ക്ക് പലതും സംഭവിച്ചിട്ടുണ്ട്. ഒരു കാര്യം ഉറപ്പാണ്, ജില്ലാസൃഷ്ടിക്കുശേഷം കർഷകരുടെയും പട്ടികവർഗക്കാരുടെയും ജീവിതത്തിൽ വലിയ മാറ്റമുണ്ടായിട്ടുണ്ടോ എന്നു ചോദിച്ചാൽ ഇല്ലെന്നുതന്നെ പറയേണ്ടിവരും. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഒരുപാട് മുന്നേറ്റമുണ്ടായിട്ടുണ്ട്. ഇന്ന് ഒരുപാട് പേർ ഉന്നതവിദ്യാഭ്യാസം നേടുന്നുണ്ട്. പക്ഷേ, ഇതിനനുസരിച്ച് തൊഴിലവസരങ്ങൾ ഉണ്ടാകുന്നുണ്ടോ എന്നു ചോദിച്ചാൽ ഇല്ല. ഇതിനുവേണ്ടിയുള്ള ഒരു ഇടപെടലും ഉണ്ടാകുന്നില്ല. ഇതിനുവേണ്ടിയുള്ള ഒരു ആസൂത്രണവും നടക്കുന്നില്ല. ഇതിനുവേണ്ടിയുള്ള ഒരു ഇടപെടലും ഉണ്ടാകുന്നില്ല. ഇതിനുവേണ്ടിയുള്ള ഒരു ആസൂത്രണവും നടക്കുന്നില്ല. ഇതിനുവേണ്ടിയുള്ള ഒരു ഇടപെടലും ഉണ്ടാകുന്നില്ല.



പി.കെ. മൂർത്തി

ടുംമേലെയിലധികം കവിഴ. ഇതോടെ പഴയ കങ്കാണി സംവിധാനത്തിലേക്ക് തോട്ടമുടമകൾ തിരിച്ചുപോയി. തൊഴിലാളികളെ കിട്ടാതായതോടെയും ഈ അനുപാതവും പാലിക്കാതായി.

വയനാട്ടിലേക്ക് വന്നകാലത്തെ ഏറ്റവുംവലിയ പ്രശ്നമായി യാത്രയായിരുന്നു. വിശാലമല്ലാത്തവയും ഗതാഗതസൗകര്യമില്ലാത്തവയുമായ തോട്ടങ്ങളിലേക്ക് എന്റെ സൈക്കിളിൽ പോയിരുന്നു. ജില്ല വികസിച്ചെങ്കിലും ഇന്നും വയനാട്ടുകാരുടെ യാത്രപ്രശ്നങ്ങൾക്ക് ശാശ്വതമായ പരിഹാരം കാണാനായിട്ടില്ല. വയനാടിന്റെ നാടുമുഴുവൻ കാൽനടമേലെയും ഉല്ലാസയാത്രയുടങ്ങി. വയൽ നാടെന്ന് അറിയപ്പെടുന്ന വയനാട്ടിലെപ്പോലും വയലുകം കാണാനില്ല എന്ന അവസ്ഥയാണ്.

പുല്ലള്ളിയിലെയും മുള്ളൻകൊല്ലിയിലെയും കർഷകർ അത്മഹത്യചെയ്യിരുന്ന കാലത്ത് കിസാൻസഭയുടെ നേതൃത്വത്തിൽ സമരംചെയ്ത് കാർഷിക കടാശ്വാസമക്കിടയും മറ്റുനയങ്ങളും നടപ്പാക്കി. പക്ഷേ, കാർഷികരംഗം ഏറെ ക്ഷയിച്ചു.

മാറിമാറി ഭരിച്ച സർക്കാരുകം ഒട്ടേറെ പദ്ധതികം നടപ്പാക്കിയെങ്കിലും വയനാടിലെ ആദിവാസിസമൂഹം ഇന്നും പുറകിൽത്തന്നെയാണ്. കിടന്നുറങ്ങാൻ ഇന്നും അടച്ചുറപ്പുള്ള വീടില്ലാത്ത ഒട്ടേറെപ്പേർ ജില്ലയിലുണ്ട്.

ഒക്ടോബർ 31 ന് ജില്ല രൂപവത്കരിച്ചിട്ട് 27 വർഷങ്ങൾ പൂർത്തിയാകുന്നു. ഈ അവസരത്തിൽ ജില്ലയുടെ ചരിത്രത്തിലേക്കും വർത്തമാനത്തിലേക്കും ഒരു തിരിഞ്ഞുനോട്ടം നടത്തുകയാണ് ഈ പരമ്പരയിലൂടെ. ഇന്നലെകളിൽ ജില്ലയുടെ ചരിത്രത്തിന്റെ ഭാഗമായിത്തീർന്ന ചിലരുടെ ഓർമകളിലൂടെ, ഇന്നിന്റെ ജീവിതത്തിലൂടെ, നാളെയുടെ പ്രതീക്ഷകളിലൂടെ...

ആരോഗ്യരംഗവും ഏറെ പുറകിൽത്തന്നെ

ജില്ല രൂപവത്കരിച്ച് ഇരുപത്തിയേഴ് വർഷമായിട്ടും വയനാട്ടിലെ ആരോഗ്യരംഗത്ത് കാര്യമായ മാറ്റങ്ങളുണ്ടായിട്ടില്ല. പ്രാഥമിക ആരോഗ്യകേന്ദ്രങ്ങം മെച്ചപ്പെട്ടു എന്നൊഴിച്ചാൽ വയനാട്ടുകാർക്കിന്നും കോഴിക്കോടുതന്നെയാണ് ആശ്രയകേന്ദ്രം. ജില്ലയിൽ മികച്ച ആരോഗ്യസംവിധാനങ്ങളുണ്ടായിട്ടുണ്ടെങ്കിൽ 13 വർഷമുന്പ് വാഹനപകടത്തിൽപ്പെട്ട തന്റെ മകം മരണപ്പെട്ടില്ലായിരുന്നെന്നും മൂർത്തി ഓർത്തു.



തിപ്പിടിത്തത്തിൽ കത്തിനശിച്ച സ്ഥാപനത്തിൽ പോലീസും സയന്റിഫിക് ഉദ്യോഗസ്ഥരും പരിശോധന നടത്തുന്നു

താഴെയങ്ങാടിയിലെ തീപ്പിടിത്തം

പോലീസ് ശാസ്ത്രീയ പരിശോധന നടത്തി

പുല്പള്ളി ▸ കഴിഞ്ഞദിവസം തീപിടിച്ച് കത്തിനശിച്ച താഴെയങ്ങാടിയിലെ സ്ഥാപനങ്ങളിൽ പോലീസ് ശാസ്ത്രീയപരിശോധന നടത്തി. സയന്റിഫിക്, ഫിംഗർ പ്രിന്റ് വിഭാഗം ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ വെള്ളിയാഴ്ച രാവിലെയാണ് പരിശോധന നടത്തിയത്. തീപ്പിടിത്തവുമായി ബന്ധപ്പെട്ട് സ്ഥാപന ഉടമ എടിയപ്പുള്ളി പുതന്പുരക്കൽ പി.എം. സജി യുടെ പരാതിയിൽ പുല്പള്ളി പോലീസ് കേസ് രജിസ്റ്റർ ചെയ്തിരുന്നു. ഇതിന്റെ തുടർനടപടികളുടെ ഭാഗമായിട്ടായിരുന്നു ശാസ്ത്രീയ പരിശോധന. അടുത്തദിവസം കെ.എസ്.ഇ.ബി. ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ നേതൃത്വത്തിലും പരിശോധന നടത്തും. നിലവിൽ നിലയിൽ നിന്നും വ്യക്തമായിട്ടില്ല. കാരണം കണ്ടെത്താനായിട്ടില്ല.

ബുധനാഴ്ച രാത്രി 12.30-ഓടെയായിരുന്നു തീപിടിത്തമുണ്ടായത്. ഓടിട്ട കെട്ടിടത്തിലെ പ്രവർത്തിക്കുന്ന പിഎം. സജിയുടെ ഉടമസ്ഥതയിലുള്ള ഇലക്ട്രിക്കൽ സ്ഥാപനത്തിലെ പുല്പള്ളി ഫയർ സ്റ്റേഷനിൽനിന്നുള്ള രണ്ട് യൂണിറ്റുകളെത്തി തീയണച്ചു. 300-ഓളം ഗ്രാമപ്പുകിലെ, മുതലായ സൂക്ഷിക്കുന്ന ഫ്രിസർ, ഫ്രിഡ്ജുകം, രണ്ട് ലോഡ് മരം ഉൾപ്പെടെ സ്ഥാപനത്തിലുണ്ടായിരുന്ന മുഴുവൻ വസ്തുക്കളും കത്തിനശിച്ചിരുന്നു. 25 ലക്ഷത്തോളം രൂപയുടെ നാശനഷ്ടമുണ്ടായിട്ടുണ്ടെന്നാണ് സജി പറയുന്നത്. പുല്പള്ളി പോലീസ് സ്റ്റേഷൻ എസ്.ഐ. ഓഫീസർ എം.സി. പവനൻ, എസ്.സി.പി.ഒ. മോഹനൻ എന്നിവരുടെ നേതൃത്വത്തിലാണ് അന്വേഷണം നടത്തുന്നത്.

സ്മാർട്ടായി മാണ്ടാട് സ്കൂൾ



മാണ്ടാട് ഗവ. എൽ.പി. സ്കൂളിലെ സ്മാർട്ട് ക്ലാസ്സ് മുറിയുടെ ഫലകം മീനങ്ങാടി പഞ്ചായത്ത് പ്രസിഡന്റ്

© 2026 All Rights Reserved. Powered by *Summit (http://www.summitindia.com)*